**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4180** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ ആയാപറമ്പ് സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ആയപറമ്പ് ഗവ.സ്കൂളിലെ പുതിയ കെട്ടിടനിർമ്മാണ പ്രവത്തനങ്ങൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ ആയപറമ്പ് ഗവ.സ്കൂളിലെ പ്രവർത്തനങ്ങൾക്കായി ആദ്യഘട്ടത്തിൽ 1.90 കോടി രൂപ ചെലവിൽ ഹയർ സെക്കന്ററി കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാന ത്തിൽ 2018 നവംബറിൽ കെട്ടിട നിർമ്മാണം ആരംഭിച്ചു. എന്നാൽ മണ്ണിന്റെ ഉറപ്പിനെ സംബന്ധിച്ച് നിർവ്വഹണ എജൻസിയായ പൊതുമരാമത്ത് വകുപ്പ് സംശയം പ്രകടിപ്പി ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സോയിൽ ടെസ്റ്റ് നടത്തുവാൻ നിർദ്ദേശിക്കുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്ലാൻ പുന:ക്രമീകരിക്കുയും ഫണ്ടിന്റെ അപര്യാപ്തത മൂലം നിർമ്മാണ പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ സാധിക്കാതെ വരികയും ചെയ്തു. തുടർന്ന്, 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്കൂളിന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും കെട്ടിട നിർമ്മാണത്തിനുള്ള തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ